## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 731** 05.06.2018-ൽ മറുപടിക്ക്

## തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

| | ചോദ്യം<br>ശ്രീ. കെ. ആൻസലൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സൈറ്റ് ലെവലിംഗ് കഴിഞ്ഞു. കോളം എക്യുപ്മെന്റ് ഫൗണ്ടേഷൻ വർക്കുകൾ നടന്നു വരുന്നു. കേബിൾ ട്രഞ്ച്, എർത്ത് മാറ്റ് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | 110 കെ.വി ആയി ഉയർത്തുന്ന തൊഴുക്കൽ സബ്സ്റ്റേഷൻ പരിധിയിൽ ഉള്ള ടവറുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പണികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | 110 കെ.വി ആയി ഉയർത്തുന്ന തൊഴുക്കൽ സബ്സ്റ്റേഷൻ പരിധിയിൽ ഉള്ള ടവറുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പണികൾ ആരംഭിച്ചിട്ടുണ്ട്. 25 ലൊക്കേഷനുകളിൽ ടവർ ഫൗണ്ടേഷനുകളും 3 ലൊക്കേഷനുകളിൽ ടവർ ഇറക്ഷനും പൂർത്തിയായി. |
| (സി) | ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (സി) | ഡിസംബർ 2018-ൽ സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ പദ്ധതിക്കായി കെ. എസ്. ഇ. ബി. എത്രകോടി രൂപ ചെലവാക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഡി) | ഈ പദ്ധതിക്കായി കെ. എസ്. ഇ. ബി. ലിമിറ്റഡ് 40 കോടി രൂപയാണ് ചെലവാക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ